**പതിമൂന്നാം കേരളനിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1119**

**11.02.2016 ലെ മറുപടിയ്ക്ക്**

**അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| (എ) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ; | (എ) ഉണ്ട്. 17.12.2015 ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച് ആർ.ടി.ഇ ആക്ടിന്റെ ഷെഡ്യൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് എൽ.പി. യിൽ (I-V വരെ) 1:30 എന്ന ക്ലാസ് തല അനുപാതവും, യു.പി.യിൽ (VI-VIII) വരെ 1:35 എന്ന ക്ലാസ് തല അനുപാതവുമാണെന്ന് കോടതി കണ്ടെത്തുകയും അത് നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ 2010-11 ലെ തസ്തികനിർണ്ണയം തുടർവർഷങ്ങളിലും ബാധകമാക്കിയ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥ റദ്ദാക്കുകയും കൂടാതെ അധ്യാപക പാക്കേജിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന കെ.ഇ.ആർ ഭേദഗതി യിലെ തസ്തികനിർണ്ണയം സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ളവ റദ്ദാക്കുകയും ചെയ്തതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ കോടതിവിധിയിലുണ്ട്. |
| (ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ? | (ബി) കോടതി ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അപ്പീലിനു വിധേയമായി 29.01.2016 ലെ സ.ഉ. (പി) നം. 29/16/പൊവിവ കോടതിവിധിക്കനുസൃതമായ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കോടതിവിധിക്കെതിരായി സർക്കാർ ഫയൽ ചെയ്യാനുദ്ദേശിക്കുന്ന അപ്പീലിനു വിധേയമായിട്ടാണ് പ്രസ്തുത ഉത്തരവെന്നതാണ് ഇപ്പോഴത്തെ സർക്കാർ നിലപാട്. |

സെക്ഷൻ ഓഫീസർ